# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

## പതിനേഴാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള (തിരുവനന്തപുരം അട്ടക്കുളങ്ങര വനിതാ ജയിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

## പതിനഞ്ചാം കേരള നിയമസഭ

### സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
### (2023-2026)

**പതിനേഴാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി മാസം 3 -ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള (തിരുവനന്തപുരം അട്ടക്കുളങ്ങര വനിതാ ജയിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**ഉള്ളടക്കം**


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | |
| ഭാഗം II അട്ടക്കുളങ്ങര വനിതാ ജയിൽ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ തുടർ ശിപാർശകൾ | .. | |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

**ആമുഖം**

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ പതിനഞ്ചാമത് റിപ്പോർട്ട് (തിരുവനന്തപുരം അട്ടക്കുളങ്ങര വനിതാ ജയിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും അവ നേരിട്ട് മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി സമിതി 21.05.2025-ന് അട്ടക്കുളങ്ങര വനിതാ ജയിൽ സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി നൽകിയ തുടർ ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 3.

# റിപ്പോർട്ട്

കേരളത്തിലെ തടവുകാരായ സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16), 2015 സെപ്റ്റംബർ 30-ാം തീയതി തിരുവനന്തപുരം ജില്ലയിൽ അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന വനിതാ ജയിൽ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സന്ദർശന വേളയിൽ തടവുകാരിൽ നിന്നും, ജയിൽ അധികൃതരിൽ നിന്നും സമിതിക്ക് ലഭിച്ച വിവരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ തടവുകാർ അഭിമുഖീകരിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ, ജയിലിന്റെ പ്രവർത്തനംഎന്നിവ സംബന്ധിച്ച വിശദമായ ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സമിതി (2014-16)-യുടെ പതിനഞ്ചാമത് റിപ്പോർട്ടായി 2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ 21 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 27.06.2016 തീയതിയായി സാമൂഹ്യനീതി, ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം, നിയമം, കൃഷി, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്തിരുന്നു.

റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2014-16)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികൾ നേരിട്ട് മനസ്സിലാക്കുന്നതിനായി സമിതി 21.05.2025-ന് അട്ടക്കുളങ്ങര വനിതാ ജയിൽ സന്ദർശിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. സമിതിയുടെ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി നൽകിയ തുടർ ശിപാർശകളാണ് രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഭാഗം-I

| ക്രമ നം. | ഖ. നം | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 5 | ജയിലിലെ എല്ലാ തടവുകാർക്കും കട്ടിൽ അനുവദിക്കണമെന്നും ജയിലറകളിൽ തടവുകാരെ കുത്തിനിറയ്ക്കുന്ന രീതി ഒഴിവാക്കണമെന്നും ജയിൽ നിയമം അനുശാസിക്കും പ്രകാരം പ്രാഥമിക | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്**<br><br>തിരുവനന്തപുരം വനിതാ ജയിൽ & |

| | | | |
|---|---|---|---|
| | | കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകത്തക്കവിധം പരിമിത എണ്ണം തടവുകാരെ ഓരോ മുറിയിലും പാർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കറക്ഷണൽ ഹോമിലെ കപ്പാസിറ്റി 108 ആണ്. എന്നാൽ ഈ ജയിലിലെ ശരാശരി തടവുകാരുടെ എണ്ണം 60 നും 80 നും ഇടയിലാണ്. ടി ജയിലിലെ തടവുകാർക്ക് അടിസ്ഥന സൗകര്യങ്ങൾ ശരിയായ വിധത്തിൽ ലഭ്യമാണ്. ശിക്ഷാ തടവുകാർക്കെല്ലാം തന്നെ കട്ടിലുകൾ അനുവദിച്ചിട്ടുണ്ട്. മറ്റ് തടവുകാർക്കും കട്ടിലുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗികൾക്കും ഗർഭിണികളായ തടവുകാർക്കും അവശതകൾ പരിഗണിച്ച് കട്ടിൽ അനുവദിച്ച നൽകാറുണ്ട്. എല്ലാ സെല്ലുകളും ബാത്ത്റും, ലാടിൻ സൗകര്യം എന്നിവയോടു കൂടിയവയാണ്. ഇതു കൂടാതെ പുറത്ത് കുളിക്കുന്നതിനും മറ്റ് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും 8 ടോയ്ലെറ്റുകളും 6 ബാത്ത് റൂമുകളുണ്ട്. (ഓരോ മുറിയിലും പാർപ്പിക്കാവുന്ന എണ്ണം തടവുകാരെയാണ് സാധാരണയായി പാർപ്പിച്ചു വരുന്നത്).<br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു** |
| 2 | 6 | ശിക്ഷയുടെ ഭാഗമായി കുടുംബാംഗങ്ങളിൽ നിന്നും ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും സമൂഹത്തിൽ നിന്നുതന്നെ അകന്ന് താമസിക്കുന്ന തടവുകാർക്ക് അവർ നേരിടുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും ബന്ധുക്കളുമായി ഫോണിൽ ബന്ധപ്പെടുന്നതിനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>തിരുവനന്തപുരം വനിത ജയിൽ & കറക്ഷണൽ ഹോമിൽ ശിക്ഷാ തടവുകാർക്ക് ടെലിഫോൺ സൗകര്യം നൽകി വരുന്നു. ശിക്ഷാ തടവുകാർക്ക് മാസത്തിൽ 150 രൂപയ്ക്കും റിമാന്റ് തടവുകാർക്ക് 100 രൂപയ്ക്കും ഫോൺ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| 3 | 7 | ലോക്കപ്പ് സൗകര്യം അധികമാണെന്ന കാരണത്താൽ വിദൂര ജയിലുകളിൽ നിന്നുള്ള വനിതാ തടവുകാരെ തിരുവനന്തപുരം വനിതാ ജയിലിലേക്ക് അയയ്ക്കുന്ന പ്രവണത നിലവിലുള്ളതായും പലപ്പോഴും രണ്ടിലധികം കേസുകൾ ഉള്ളവരെയാണ് ഇപ്രകാരം അയയ്ക്കുന്നതെന്നും വിവിധ കേസുകൾക്കായി വിദൂര ജില്ലകളിലുള്ള വിവിധ കോടതികളിലേക്ക് ഇവരെ പലപ്പോഴും രാവിലെ കൊണ്ടുപോയി അന്നുതന്നെ തിരികെയെത്തിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതിന് പുറമേ തടവുകാർക്ക് ശാരീരിക ബുദ്ധിമുട്ടുകളും മറ്റു പ്രയാസങ്ങളും ഉണ്ടാക്കുന്നു. മാത്രമല്ല തടവുകാരുടെ സ്വദേശം ജയിലിൽനിന്ന് അകലെയാകുമ്പോൾ ബന്ധുക്കൾ ഇവരുമായുള്ള കൂടിക്കാഴ്ച പരിമിതപ്പെടുത്താൻ സാദ്ധ്യത ഏറെയാണ്. ഇത് തടവുകാരുടെ മാനസികാസ്വാസ്ഥ്യം വർദ്ധിപ്പിക്കുകയും അതുവഴി ജയിലിന്റെ സമാധാനപൂർണ്ണമായ അന്തരീക്ഷത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്യാം. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി തടവുകാരെ പരമാവധി അവരുടെ സ്വദേശത്തിന് ഏറ്റവും അടുത്തുള്ള സബ് ജയിലുകളിൽത്തന്നെ പാർപ്പിക്കുന്ന രീതി അവലംബിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>കേരളത്തിൽ നിലവിൽ സ്പെഷ്യൽ സബ് ജയിൽ കൊട്ടാരക്കര, വൈത്തിരി, കോഴിക്കോട്, പാലക്കാട്, മഞ്ചേരി ജില്ലാ ജയിൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കാസർഗോഡ്, തൃക്കാക്കര ബോർസ്റ്റൽ സ്കൂൾ എന്നീ ജയിലുകളിലാണ് ഫീമെയിൽ ബ്ലോക്കുകൾ നിലവിലുള്ളത്. തടവുകാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി വനിതാ തടവുകാരെ അവരുടെ സ്വദേശത്തുള്ള ജയിലുകളിൽ തന്നെ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| 4 | 8 | അന്തേവാസികൾക്ക് വിനോദോപാധികളായി ചില ഇൻഡോർ-ഔട്ട്ഡോർ ഗെയിമുകൾക്കുള്ള സൗകര്യം അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഒരു ദിവസം ജയിൽ ദിനാഘോഷം നടത്തുകയും അതിനോടനുബന്ധിച്ച് വിവിധ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നുണ്ട്. എങ്കിലും ജയിൽ അന്തേവാസികൾക്ക് തങ്ങളുടെ കുടുംബത്തെ പിരിഞ്ഞിരിക്കുന്നതുമൂലം മാനസിക പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത ഏറെയാണ്. ഇത്തരം പ്രശ്നങ്ങൾക്ക് തുടരെയുള്ള കൗൺസിലിംഗ് സെക്ഷനുകൾ പ്രയോജനം ചെയ്യും എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ മെച്ചപ്പെട്ട കൗൺസിലിംഗ് സേവനം അവർക്ക് ലഭ്യമാക്കുന്നതിലേക്കായി മന:ശാസ്ത്രജ്ഞന്റെയോ മന:ശാസ്ത്ര മേഖലയിൽ പരിശീലനം സിദ്ധിച്ച കൗൺസിലേഴ്സിന്റെയോ സ്ഥിരം സേവനം അവിടെ ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാർക്ക് കൗൺസിലിംഗ് നൽകി വരുന്നുണ്ട്. ഇതിനായി വനിതാ വെൽഫെയർ ഓഫീസറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തകരും തടവുകാർക്ക് കൗൺസിലിംഗ് നൽകി വരുന്നുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**<u>വനിത ശിശുവികസന (ബി) വകുപ്പ് 25.01.2022-ലെ വശിവിവ-ബി3/97/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്.</u>**<br><br>ജയിൽ താമസക്കാർക്ക് സർക്കാർ ഏജൻസിയായ ICTC PH Lab എന്ന സ്ഥാപനം മുഖേന ആഴ്ചയിൽ ഒരിക്കൽ കൗൺസിലർ നേരിട്ടെത്തി കൗൺസിലിംഗ് നൽകി വരുന്നു. ഇതു കൂടാതെ ഫാമിലി പ്ലാനിംഗ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്ന് ആഴ്ചയിൽ ഒരിക്കൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നേരിട്ടെത്തി താമസക്കാർക്ക് കൗൺസിലിംഗ് നടത്തി വരുന്നു. മാധ്യമം കുടുംബവാരികയുടെ നേതൃത്വത്തിൽ പ്രഗത്ഭരായ കൗൺസിലർമാർ മോട്ടിവേഷൻ ക്ലാസ്സ്, സ്ട്രെസ്സ് മാനേജ്മെന്റ് എന്നീ വിഷയത്തിൽ മാസത്തിലൊരിക്കൽ ഗ്രൂപ്പ് |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ് ഉൾപ്പെടെയുള്ള പരിപാടികൾ നടത്തിവരുന്നു. സാമൂഹ്യപ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദം നേടിയവരാണ് നിലവിലുള്ള ജയിൽ സൂപ്രണ്ടും, ജയിൽ വെൽഫെയർ ഓഫീസറും, അത്യാവശ്യ ഘട്ടങ്ങളിൽ ജയിൽ സൂപ്രണ്ട്, വെൽഫെയൽ ഓഫീസർ എന്നിവരും കൗൺസിലിംഗ് നടത്തി വരുന്നുണ്ട്. ഈ വിധത്തിൽ ജയിൽ താമസക്കാർക്ക് നിലവിൽ ശാസ്ത്രീയമായ രീതിയിൽ കൗൺസിലിംഗ് സേവനങ്ങൾ വളരെ ഫലപ്രദമായി നൽകി വരുന്നു.<br><br>**30.03.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 5 | 9 | മാനസികരോഗ പ്രശ്നങ്ങൾ നേരിടുന്ന ഏഴോളം അന്തേവാസികൾ ജയിലിലുണ്ടെങ്കിലും മനോരോഗ വിദഗ്ധന്റെ തുടർച്ചയായ സേവനം അവിടെ ലഭിക്കുന്നില്ല എന്ന് സമിതി മുൻപാകെ ബോധിപ്പിക്കപ്പെട്ടു. അതിനാൽ മനോരോഗ വിദഗ്ധന്റെ പ്രതിവാര സേവനം ജയിലിൽ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ്**<br>**03.07.2017-ലെ 5978/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിൽ മനോരോഗവിദഗ്ധന്റെ പ്രതിവാര സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**<br>**10.11.2020-ലെ 333/ഇ 1/2020/ആ.കു.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ എ 1-24839/2019 ജി.മെ.ആ. (ആരോഗ്യം) തീയതി 30.09.2020 പ്രകാരം അട്ടക്കുളങ്ങര വനിതാ സബ് ജയിലിൽ മനോരോഗ വിദഗ്ധന്റെ പ്രതിവാര സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br>**27.01.2021-ലെ സമിതി യോഗത്തിൽ** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു.** |
| 6 | 10 | സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള അന്തേവാസികളുള്ള തിരുവനന്തപുരം വനിതാ ജയിലിൽ ഒരു വനിതാ മെഡിക്കൽ ഓഫീസറുടെ സ്ഥിരം സേവനവും ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ എന്നിവരുടെ ആഴ്ചയിലൊരിക്കലെങ്കിലുമുള്ള സേവനവും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 5978/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിൽ ഒരു സ്ഥിരം വനിതാ മെഡിക്കൽ ഓഫീസറുടെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കുന്നുണ്ട്.<br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ് 03.05.2024-ലെ എ 3/434/2018/ആ.കു.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>തിരുവനന്തപുരം, അട്ടക്കുളങ്ങര വനിതാ ജയിലിൽ, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ എന്നിവരുടെ സേവനം ആഴ്ചയിൽ ഒരിക്കൽ എന്ന വ്യവസ്ഥയിൽ നിലവിൽ ഉറപ്പ് വരുത്തുന്നുണ്ട്. അട്ടക്കുളങ്ങര വനിതാ ജയിലിൽ ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ എന്നിവരുടെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തിക ഇല്ലാത്തതിനാൽ ആരോഗ്യ വകുപ്പ് മുഖേന സ്ഥിരം നിയമനം നടത്തുന്നതിന് സാധ്യമല്ലാത്തിനാൽ ജയിലുകളിലെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സംബന്ധിച്ച നടപടി ജയിൽ വകുപ്പ് മുഖേന സ്വീകരിക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. അപ്രകാരം നടപടി സ്വീകരിക്കുന്നതിന് കമ്മിറ്റിയുടെ ശിപാർശയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടും ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വിവരം കൂടി അറിയിക്കുന്നു. |

| | | | |
|---|---|---|---|
| | | | **26.09.2024–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 7 | 11 | കൃഷി സംബന്ധമായ ജോലികൾ ചെയ്യുന്നത് ശാരീരികക്ഷമത വർദ്ധിപ്പിക്കുമെന്നും മാനസിക സംഘർഷം കുറയ്ക്കുമെന്നും പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. അന്തേവാസികളുടെ സഹായത്താൽ വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്ത് അവ ജയിലിൽ ഉപയോഗപ്പെടുത്തുന്ന രീതി നിലവിലുണ്ടെങ്കിലും സ്ഥലപരിമിതി കാരണവും ഫണ്ടിന്റെ അപര്യാപ്തതമൂലവും ഒരു ഏക്കർ പത്ത് സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വനിതാ ജയിലിലെ തടവുകാർക്ക് വിപുലമായ രീതിയിൽ കൃഷി നടത്താൻ സാധിക്കുന്നില്ല. പോളിബാഗുകൾ ലഭിക്കുകയാണെങ്കിൽ ജൈവകൃഷി ചെയ്യുന്ന നൂതന രീതി അവലംബിക്കാൻ സാധിക്കുമെന്ന് ബന്ധപ്പെട്ട ജയിൽ ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. സംസ്ഥാനത്തൊട്ടാകെ ജൈവകൃഷിയ്ക്ക് പ്രാമുഖ്യം നല്കിവരുന്ന സാഹചര്യത്തിൽ ഇവിടെ ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് 500 പോളി ബാഗുകളും വിത്തുകളും അനുബന്ധസാമഗ്രികളും അനുവദിച്ചു നൽകണമെന്നും ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>ആഭ്യന്തര (ബി) വകുപ്പ്</u>**<br>**<u>03.07.2017–ലെ 5978/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്</u>.**<br>ടി ജയിലിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 250 ഓളം പോളിത്തീൻ ബാഗുകളിൽ ജൈവകൃഷി നടത്തിവരുന്നു.<br>**12.10.2017–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**<u>കൃഷി (പി.ബി.) വകുപ്പ്</u>**<br>**<u>25.11.2017–ലെ 625659/പിബി1/2016/കൃഷി നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയിലെ ഒരു ഘടകമായ പ്രോജക്ട് അടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷിയുടെ ഒരു യൂണിറ്റ് അട്ടക്കുളങ്ങര വനിതാ ജയിൽ പരിസരത്ത് ആരംഭിച്ചതായി തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 750 ഗ്രോബാഗുകളിൽ പച്ചക്കറികൃഷി നിലവിൽ ചെയ്യുന്നു. ജൈവരീതിയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ശാസ്ത്രീയ പച്ചക്കറി കൃഷിക്ക് വേണ്ട സാങ്കേതിക സഹായവും കൃഷി ഉദ്യോഗസ്ഥർ പദ്ധതിയുടെ ഭാഗമയായി നൽകുന്നു. പദ്ധതി ചെലവിനായി 60,000/– രൂപയാണ് (അറുപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുള്ളത്).<br>**16.05.2018–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| 8 | 12 | നിലവിൽ ജയിൽ കെട്ടിടത്തിന്റെ ടെറസിനുചുറ്റും കൈവരിയില്ലാത്തതു കാരണം സുരക്ഷാ പ്രശ്നങ്ങൾമൂലം അവിടെ മട്ടുപ്പാവ് കൃഷി നടപ്പാക്കുവാൻ സാധിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ടെറസ്സിനുചുറ്റും ഉയർന്ന കൈവരി സ്ഥാപിച്ച് മട്ടുപ്പാവുകൃഷി നടത്തുക പ്രായോഗികമാണോയെന്ന് സുരക്ഷാമാനദണ്ഡങ്ങൾ പരിഗണിച്ച് പരിശോധിക്കണമെന്നും പ്രായോഗികമെങ്കിൽ ആയത് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 5978/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>ടി ജയിലിലെ മട്ടുപ്പാവിൽ ജൈവകൃഷി നടത്തുന്നതിനായി ടെറസ്സിനുചുറ്റും കൈവരിയില്ലാത്തതിനാൽ കൈവരി നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.<br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**കൃഷി (പി.ബി.) വകുപ്പ് 25.11.2017-ലെ 625659/പിബി1/2016/കൃഷി നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>ജയിലധികൃതർ സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിച്ച് വിവരം അറിയിക്കുന്ന പക്ഷം മട്ടുപ്പാവ് കൃഷിക്കുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**16.05.2018-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 9 | 13 | തിരുവനന്തപുരം വനിതാ ജയിലിലെ തടവുകാർക്കായി ഒരു സ്വയംപര്യാപ്ത ടെയ്ലറിംഗ് ആന്റ് ഫാഷൻ ഡിസൈനിംഗ് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്നും അപ്രകാരം സ്ഥാപിക്കുന്ന യൂണിറ്റിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കാതെ വിപണനം ചെയ്യുന്നതിന് സഹായകമാകുന്ന പിൻബലം സർക്കാർ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 5978/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിൽ തടവുകാർക്കായി പ്രവർത്തിക്കുന്ന ടൈലറിംഗ് & ഫാഷൻ ഡിസൈനിംഗ് യൂണിറ്റ് മുഖേന നിർമ്മിക്കുന്ന ഉത്പ്പന്നങ്ങൾ ജയിൽ വകുപ്പിന്റെ ഫാഷനിസ്റ്റ സ്റ്റോർ മുഖാന്തരം വിൽപ്പന നടത്തിവരുന്നു.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| 10 | 14 | ശിക്ഷാ തടവുകാരുടെ മക്കൾക്കായി സർക്കാർ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. തടവുകാരുടെ മക്കളിൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ആറായിരം രൂപയുടെയും ഉയർന്ന ക്ലാസ്സുകളിലുള്ളവർക്ക് പന്ത്രണ്ടായിരം രൂപയുടെയും വാർഷിക സാമ്പത്തിക സഹായം സാമൂഹ്യനീതി വകുപ്പ് വഴി നൽകുന്ന പദ്ധതിയാണിത്. നാളിതുവരെ പ്രസ്തുത വിദ്യാഭ്യാസ ധനസഹായം ഈ ജയിലിലെ തടവുകാരുടെ മക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ സഹായത്തിന് ആവശ്യമായ സാക്ഷ്യപത്രം സ്കൂളിൽ നിന്ന് വാങ്ങുമ്പോൾ സ്കൂൾ അധികൃതരും സഹപാഠികളും കുട്ടിയുടെ മാതാവ് ജയിൽവാസിയാണെന്ന് അറിയുമെന്നും അതിനാൽ തടവുകാരിൽ ആരും തന്നെ കുട്ടികൾക്ക് നാണക്കേടുണ്ടാകുമെന്ന കാരണത്താൽ പ്രസ്തുത ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടില്ലായെന്നുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥയുടെ വിശദീകരണത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ച് ജയിലിലെ ഉദ്യോഗസ്ഥർക്കുതന്നെ വ്യക്തതക്കുറവുള്ളതായി ചർച്ചയിൽനിന്ന് സമിതിക്ക് ബോധ്യപ്പെട്ടു. നിലവിലുള്ള ശിക്ഷാതടവുകാരിൽ എത്രപേരുടെ കുട്ടികൾക്ക് ഈ സഹായത്തിന് അർഹതയുണ്ടെന്ന് അടിയന്തരമായി സമിതിയെ അറിയിക്കണമെന്ന | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 5978/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ അന്തേവാസികളുടെ കുട്ടികൾക്കായി വിദ്യാഭ്യാസ ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തടവുകാരെ ബോധവൽക്കരിക്കുകയും അർഹരായ തടവുകാരുടെ കുട്ടികൾക്ക് ഈ സഹായം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**വനിത ശിശുവികസന (ബി) വകുപ്പ് 25.01.2022-ലെ വശിവിവ-ബി3/97/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്.**<br><br>തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിയെ സംബന്ധിച്ച് താമസക്കാർക്കിടയിൽ വ്യക്തമായ അവബോധം നൽകിയിട്ടുള്ളതായും, ടി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നോട്ടീസ് ബോർഡിലൂടെ എല്ലാ വർഷവും അറിയിച്ചു വരുന്നതായും ജയിൽ സൂപ്രണ്ട്, വെൽഫെയൽ ഓഫീസർ എന്നിവർ അറിയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിനുശേഷം അർഹമായ അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.<br><br>**30.03.2022-ലെ സമിതി യോഗം അധികവിവരം ആരാഞ്ഞു.** |

| | | | |
|---|---|---|---|
| | | നിർദ്ദേശം അനുസരിച്ച് ലഭ്യമായ റിപ്പോർട്ടിൽ 2015-16 സാമ്പത്തിക വർഷത്തിലെ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചപ്പോൾ വൽസലയുടെ (സി. നമ്പർ 976) രണ്ടു കുട്ടികൾക്കും മഞ്ജുവിന്റെ (സി. നമ്പർ 979) മകൾക്കും ധനസഹായത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയതായും രേഖകൾ സഹിതം 13.10.2015-ൽ സാമൂഹ്യനീതി ഡയറക്ടർക്ക് തുടർനടപടിക്കായി അയച്ചുകൊടുത്തതായും എന്നാൽ മഞ്ജു എന്ന തടവുകാരി ജയിലിൽ നിന്ന് മോചിതയായതായും അറിയിച്ചു. സന്ദർശനവേളയിൽ സമിതി നൽകിയ നിർദ്ദേശത്തെത്തുടർന്നാണ് ഇപ്രകാരം ഒരു നടപടി ഉണ്ടായതെന്ന് സമിതി മനസ്സിലാക്കുന്നു. മുൻവർഷങ്ങളിൽ തടവുകാർക്ക് അർഹതപ്പെട്ട ഈ ആനുകൂല്യം ലഭിക്കുന്നതിന് സഹായമാകുന്ന നടപടികളൊന്നുംതന്നെ ജയിലധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ഇപ്പോൾ അപേക്ഷ സമർപ്പിച്ചിട്ടുള്ള രണ്ട് തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം അടിയന്തരമായി അനുവദിക്കണമെന്നും ഈ ധനസഹായത്തിന് അപേക്ഷിക്കുന്നതുകൊണ്ട് കുട്ടികൾക്ക് യാതൊരുവിധ നാണക്കേടും ഉണ്ടാകില്ലെന്ന് തടവുകാരെ ബോധ്യപ്പെടുത്തി കാലാകാലങ്ങളിൽ നിലവിലുള്ള അർഹരായ തടവുകാരുടെ കുട്ടികൾക്ക് ഈ സഹായം ലഭ്യമാകുന്നു എന്ന് | |

| | | | |
|---|---|---|---|
| | | ജയിലധികൃതർ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു<br>**30.03.2023-ലെ സമിതിയോഗം ആരാഞ്ഞ അധിക വിവരം.**<br><br>2015-16 സാമ്പത്തിക വർഷം വിദ്യാഭ്യാസ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന രണ്ട് തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുക. | **സാമൂഹ്യനീതി (എ) വകുപ്പ് 30.11.2024-ലെ എ 2/49/2022/എസ്.ജെ.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>2015-16 കാലഘട്ടത്തിൽ ജയിൽത്തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീമതി മഞ്ജു (സി. നമ്പർ 979) എന്ന വ്യക്തിയെ ജയിലിൽനിന്നും വിട്ടുതൽ ചെയ്തതാണ്. അതേ കാലഘട്ടത്തിൽത്തന്നെ ധന സഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീമതി വത്സല (സി. നമ്പർ. 976) എന്ന വ്യക്തി എ.പി.എൽ. വിഭാഗത്തിൽപ്പെട്ടതിനാൽ ടിയാളുടെ രണ്ട് കുട്ടികൾക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം അനുവദിക്കാൻ കഴിഞ്ഞില്ല.<br>**09.04.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 11 | 15 | തിരുവനന്തപുരം വനിതാ ജയിലിൽ 20 എക്സിക്യൂട്ടീവ് തസ്തികകൾ അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാനത്ത് പത്ത് പേർ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ എന്നും ഇത് ജയിലിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ജയിലിന്റെ സുഗമമായ പ്രവർത്തനത്തിനായി അനുവദിച്ച തസ്തികകളിലെല്ലാം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിൽ നിലവിൽ 20 എക്സിക്യൂട്ടീവ് തസ്തികകളുള്ളതിൽ 4 ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ ഒഴിവുകൾ മാത്രമാണുള്ളത്. ടി ഒഴിവുകൾ പി.എസ്.സി.യിലേയ്ക്ക് അറിയിച്ചിട്ടുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 12 | 16 | അട്ടക്കുളങ്ങര വനിതാ ജയിലിൽ | **ആഭ്യന്തര (ബി) വകുപ്പ്** |

| | | | |
|---|---|---|---|
| | | നിലവിൽ പ്രവർത്തിക്കുന്ന ക്രഷിലെ സൗകര്യങ്ങളും അതിന്റെ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനും 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കായി ഒരു നഴ്സറി സ്കൂൾ തുടങ്ങുന്നതിനുമുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ചത്.</u>**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ ക്രഷിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നഴ്സറി സ്കൂൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**<u>വനിത ശിശുവികസന (ബി) വകുപ്പ് 25.01.2022-ലെ വശിവിവ-ബി3/97/2021/വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന അശരണരായ സ്ത്രീകൾക്ക് വകുപ്പിന്റെ കീഴിലെ ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്നതിന് താല്പര്യം പ്രകടിപ്പിക്കുന്ന പക്ഷം വനിത ശിശു വികസന വകുപ്പിന്റെ മഹിളാ മന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് അർഹമായ തൊഴിൽ പരിശീലനവും മറ്റു ധനസഹായങ്ങളും നല്കി വരുമാനമുണ്ടാക്കുവാൻ പ്രാപ്തരാക്കാൻ കഴിയുന്നതുമാണ്. അട്ടക്കുളങ്ങര വനിത ജയിലിൽ എത്തിപ്പെടുന്ന ശിക്ഷിതരുടെ കുഞ്ഞുങ്ങൾക്കായി ജയിലിൽ പ്രവർത്തിച്ചിരുന്ന ക്രഷ് അതിലെ സൗകര്യം മെച്ചപ്പെടുത്തി ഉപയോഗയോഗ്യമാക്കാവുന്നതാണ്.<br>കുട്ടികൾക്ക് ശിശു സൗഹൃദ അന്തരീക്ഷത്തിനുള്ള അവകാശമുള്ളതിനാൽ ഇപ്പോൾ ഉള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി പരിപാലിക്കുന്നതിനും ഗുണനിലവാരമുള്ള ഔട്ട് ഡോർ play Equipment's ക്രഷിൽ |

| | | | |
|---|---|---|---|
| | | | സജ്ജീകരിക്കുന്നതിനും ജയിൽ അധികൃതർക്ക് നിർദ്ദേശം നല്കാവുന്നതാണ്. ടി ക്രഷിലെ കുട്ടികളെ തൊട്ടടുത്ത് അങ്കണവാടിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി സേവനങ്ങൾ നല്കുവാൻ വകുപ്പിന് സാധിക്കുന്നതാണ്.<br>**30.03.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 13 | 17 | ജയിലിലെ അന്തേവാസികൾക്കുവേണ്ടി സർക്കാർ പ്രഖ്യാപിക്കാറുള്ള ഇളവുകളിൽ നിന്ന് സ്ത്രീകളെയും കുട്ടികളെയും കൊലപ്പെടുത്തിയ കേസ്സുകളിലെ പ്രതികളെ ഒഴിവാക്കുകയാണ് സാധാരണ ചെയ്യാറുള്ളത്. ജീവിതം വഴിമുട്ടുന്ന സാഹചര്യങ്ങളിൽ ചില അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളുമായി ആത്മഹത്യക്ക് ശ്രമിക്കുമ്പോൾ കുഞ്ഞുങ്ങൾ മരണപ്പെടുകയും അമ്മമാർ രക്ഷപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകാറുണ്ടെന്നും വനിതാ തടവുകാരിൽ ചിലർ ഇത്തരം സാഹചര്യങ്ങളിൽ കുഞ്ഞുങ്ങളെ കൊലപ്പെടുത്തി എന്ന കുറ്റം ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട അമ്മമാരാണെന്നും സമിതി മനസ്സിലാക്കുന്നു. ഇപ്രകാരമുള്ള തടവുകാരെയും കുട്ടികളെ പീഡിപ്പിച്ചു കൊലപ്പെടുത്തിയവർക്ക് സമാനമായി പരിഗണിച്ച് അവരെ ഇളവുകളിൽനിന്ന് ഒഴിവാക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. അമ്മമാരുടെ ഇത്തരം പ്രവൃത്തികൾ ന്യായീകരിക്കാൻ കഴിയില്ല എന്ന് സമിതി മനസ്സിലാക്കുന്നുണ്ടെങ്കിലും മോശമായ | **<u>ആഭ്യന്തര (ബി) വകുപ്പ്</u>**<br>**<u>03.07.2017-ലെ 59785/ബി1/2016 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ശിക്ഷായിളവുകളിൽ മാനദണ്ഡങ്ങൾ അനുസരിച്ച് അർഹരായവർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 460 മുതൽ 470 വരെയുള്ള ചട്ടങ്ങൾ അനുസരിച്ച് അർഹരായവരുടെ അകാലവിടുതൽ ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അനുകൂല ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |

| | | | |
|---|---|---|---|
| | | ജീവിതസാഹചര്യങ്ങളാലോ നിസ്സഹായതമൂലമോ ഇത്തരം തെറ്റുകൾ ചെയ്യേണ്ടിവന്ന അമ്മമാരെക്കൂടി സർക്കാർ നൽകുന്ന ഇളവുകൾക്കായി പരിഗണിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 14 | 18 | വനിതകൾക്കായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന തുറന്ന ജയിലിലേക്ക് സത്സ്വാഭാവികളായ തടവുകാരെ മാത്രമേ അയയ്ക്കാറുള്ളൂ. തുറന്ന ജയിലിലെ അന്തേവാസികൾക്ക് ശിക്ഷാ ഇളവുകളിൽ സർക്കാർ പ്രാമുഖ്യം നൽകിയാൽ അത് മറ്റ് ജയിലുകളിലുള്ള തടവുകാർക്ക് നല്ല പെരുമാറ്റത്തിലൂടെ തുറന്ന ജയിലിൽ പ്രവേശനം നേടാൻ ശ്രമിക്കുന്നതിന് പ്രചോദനമാകുകയും അവരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും ഇത് വളരെയധികം സ്വാധീനം ചെലുത്തുകയും ചെയ്യുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തുറന്ന ജയിലിൽ കഴിയുന്ന തടവുകാർക്ക് ശിക്ഷാ ഇളവുകൾ നൽകുന്നതിൽ പ്രാമുഖ്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016 ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ശിക്ഷായിളവുകളിൽ മാനദണ്ഡങ്ങൾ അനുസരിച്ച് അർഹരായവർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 460 മുതൽ 470 വരെയുള്ള ചട്ടങ്ങൾ അനുസരിച്ച് അർഹരായവരുടെ അകാലവിട്ടുതൽ ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അനുകൂല ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു വരുന്നു.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 15 | 19 | വിചാരണ വളരെക്കാലം നീണ്ടുപോകുന്ന കേസുകളിൽ പ്രതികളായ വിചാരണ തടവുകാർക്ക് ഏറെക്കാലം ജയിലിൽ | **ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.** |

| | | | |
|---|---|---|---|
| | | കഴിയേണ്ടതായി വരുന്നതായും അത് അവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. അതിനാൽ സ്ത്രീകൾ പ്രതികളായുള്ള കേസുകൾക്ക് മുൻഗണന നൽകി അവയുടെ വിചാരണ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിചാരണ തടവുകാരുടെ കേസുകൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റികൾ, മൂന്ന് മാസം കൂടുമ്പോൾ ചേരുകയും ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 16 | 20 | ജാമ്യമെടുക്കുന്നതിനുള്ള സൗകര്യം തങ്ങൾക്ക് ലഭിക്കുന്നില്ല എന്ന് തടവുകാർ സന്ദർശന വേളയിൽ സമിതിയോട് പരാതിപ്പെട്ടിരുന്നു. എന്നാൽ തടവുകാർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിന് കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ 2008 മുതൽ തിരുവനന്തപുരം വനിതാ ജയിലിൽ ലീഗൽ എയ്ഡ് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നുണ്ടെന്നും ജാമ്യം ലഭിക്കുന്നതിനുള്ള സൗജന്യ നിയമസഹായം തടവുകാർക്ക് ചെയ്തുകൊടുക്കാറുണ്ടെന്നും ആയിരത്തോളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ജയിൽ അധികൃതർ ബോധിപ്പിച്ചു. ജാമ്യം നിൽക്കാനുള്ള ആളുകളുടെയും പണത്തിന്റെയും അഭാവംകൊണ്ട് പലർക്കും ഈ സൗകര്യം ലഭിക്കാതെ വരുന്നുണ്ടെന്നും ജയിൽ അധികൃതർ സമിതിയെ അറിയിച്ചു. ജാമ്യാപേക്ഷ സമർപ്പിക്കുന്നതിനും മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനും തടവുകാർക്ക് സൗജന്യ നിയമസഹായം ഉറപ്പാക്കുന്നതിനുമായി ജയിലിലെ ലീഗൽ എയ്ഡ് ക്ലിനിക്കിന്റെ | **<u>നിയമ (എച്ച്) വകുപ്പ്</u>**<br>**<u>09.09.2016-ലെ 16742/എച്ച്1/2016/നിയമം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പാനൽ അഡ്വക്കേറ്റും പാരാ ലീഗൽ വോളണ്ടിയർമാരും ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ജയിലുകളിലെ ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സന്ദർശിക്കുന്നുണ്ട്. പാനൽ അഡ്വക്കേറ്റ്സ് ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സന്ദർശിക്കുമ്പോൾ, നിയമ സഹായം ആവശ്യമുള്ള അന്തേവാസികൾക്ക് വേണ്ട നിയമോപദേശം നൽകുകയും ചെയ്യുന്നു. സന്ദർശന സമയത്ത്, കോടതിയിൽ ലീഗൽ എയ്ഡ് ലഭിക്കുന്നതിനായി കിട്ടുന്ന അപേക്ഷകൾ പാനൽ അഡ്വക്കേറ്റ് അതാത് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് അയച്ച് കൊടുക്കുകയും ആവശ്യമായ കേസുകളിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറ്റിയും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയും അഡ്വക്കേറ്റിനെ നിയമിക്കുകയും ചെയ്യുന്നു.<br><br>കൂടാതെ ബഹു. സുപ്രീം കോടതിയുടെ W.P. |

| | | | |
|---|---|---|---|
| | | പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | (C)No. 406/13 കേസിലെ നിർദ്ദേശ പ്രകാരം എല്ലാ ജില്ലയിലും ജില്ലാ ജഡ്ജി ചെയർമാനായും, കളക്ടർ, പോലീസ് സൂപ്രണ്ട്, സെക്രട്ടറി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി അംഗങ്ങളായും വിചാരണ തടവുകാരുടെ റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ മൂന്നു മാസം കൂടുമ്പോഴും ടി കമ്മിറ്റി ചേരുകയും ക്രിമിനൽ നടപടി ക്രമത്തിലെ Sec. 436, 436 A എന്നീ വകുപ്പുകളുടെ ആനുകൂല്യം ലഭ്യമാക്കി വിചാരണ തടവുകാരെ വിടുതൽ ചെയ്യുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഒത്തുതീർപ്പാക്കാവുന്ന കേസുകൾ ഒത്തുതീർപ്പാക്കി വിചാരണ തടവുകാരുടെ വിടുതൽ വേഗത്തിലാക്കാനുള്ള നടപടികളും, പകുതി കാലയളവ് തടവിൽ കഴിഞ്ഞ വിചാരണ തടവുകാരുടെയും, റെമിഷൻ അനുവദിച്ചിട്ടുള്ള വിചാരണ തടവുകാരുടെയും വിടുതൽ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജാമ്യം ലഭിച്ചിട്ടും ജാമ്യക്കാർ ഇല്ലാത്തതിനാൽ വിടുതൽ ലഭ്യമായിട്ടില്ലാത്ത വിചാരണ തടവുകാരുടെ കാര്യത്തിൽ വേണ്ട നിയമസഹായം നൽകുന്നതിന് പാനൽ അഡ്വക്കേറ്റ്സിന് നിർദ്ദേശം നൽകുകയും ഇങ്ങനെയുള്ള കേസുകളിൽ തുടർ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.<br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**<u>ആഭ്യന്തര (ബി) വകുപ്പ്</u>**<br>**<u>03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>** |

| | | | |
|---|---|---|---|
| | | | ജയിലിലെ അന്തേവാസികൾക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനായി കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്നും ഒരു അഡ്വക്കേറ്റിന്റെയും ഒരു പാരാ ലീഗൽ വോളണ്ടിയറിന്റെയും സേവനം ആഴ്ചയിൽ മൂന്ന് ദിവസം കൃത്യമായി നൽകി വരുന്നു.<br>**12.10.2017-ലെ സമിതിയോഗം അംഗീകരിച്ചു.** |
| 17 | 21 | യോഗ അഭ്യസിക്കുന്നതു കൊണ്ട് മാനസികസമ്മർദ്ദം ലഘൂകരിക്കാൻ കഴിയുമെന്ന് പല പഠനങ്ങളും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനായി വനിതാ അന്തേവാസികൾക്ക് യോഗാപരിശീലനം നൽകിയിട്ടുള്ളതായി സമിതിക്ക് അറിവായി. എന്നാൽ അത് തുടർച്ചയായി അഭ്യസിച്ചെങ്കിൽ മാത്രമേ ഫലവത്താകുകയുള്ളൂ എന്നതിനാൽ കുടുംബ ബന്ധങ്ങളിൽനിന്ന് അകന്നുകഴിയുന്ന തടവുകാർക്ക് ഉണ്ടായേക്കാവുന്ന മാനസിക സമ്മർദ്ദം കണക്കിലെടുത്ത് ആഴ്ചയിൽ നാല് ദിവസം വീതമെങ്കിലും അവിടത്തെ അന്തേവാസികൾ ഒരു യോഗ ഇൻസ്ട്രക്ടറുടെ മേൽനോട്ടത്തിൽ യോഗ അഭ്യസിക്കുന്നത് നിർബന്ധമാക്കണമെന്നും ഇതിനായി ഒരു യോഗ ഇൻസ്പെകടറുടെ സേവനം അവിടെ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>ആയുഷ് (എ) വകുപ്പ്</u>**<br>**<u>11.05.2017-ലെ എ 1/326/2016 ആയുഷ് നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>നാഷണൽ ആയുഷ് മിഷനിൽ 2017-18 ലെ സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ ഒരു പ്രോജക്ട് തയ്യാറാക്കി കേരളത്തിലെ ജയിലുകളിലെ വനിതാ തടവുകാർക്ക് യോഗാ പരിശീലനം നല്കുന്നതിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.<br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**<u>ആഭ്യന്തര (ബി) വകുപ്പ്</u>**<br>**<u>03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ അന്തേവാസികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും, ശാരീരികാരോഗ്യം നിലനിർത്തുന്നതിനും സന്നദ്ധ സംഘടനകളുടെ സഹായത്താൽ യോഗ ക്ലാസുകൾ നൽകി വരുന്നു.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 18 | 22 | ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരെ ഏറ്റെടുക്കാൻ ആളില്ലാതെ വരുന്ന സംഭവങ്ങൾ | **<u>സാമൂഹ്യനീതി (ബി) വകുപ്പ്</u>**<br>**<u>24.07.2019-ലെ സാനീവ-ബി3/300/2019-സാനീവ നമ്പർ കത്ത്</u>** |

| | | | |
|---|---|---|---|
| | | ജയിലിൽ വിരളമല്ല. ഇത്തരം സാഹചര്യങ്ങളിൽ ശിക്ഷ പൂർത്തീകരിച്ചവരെ ഏറ്റെടുത്തു സംരക്ഷിക്കാൻ തയ്യാറുള്ള സന്നദ്ധസംഘടനകളുടെ സഹായം അടിന്തരമായി സർക്കാർ തേടണമെന്നും അല്ലാത്തപക്ഷം സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ ഇവരെ പുനരധിവസിപ്പിക്കണമെന്നും ഇവർക്കാവശ്യമുള്ള തൊഴിൽ പരിശീലനവും ധനസഹായവും നൽകി തൊഴിൽചെയ്ത് വരുമാനമുണ്ടാക്കാൻ അവരെ പ്രാപ്തരാക്കണമെന്നും അതിന് കഴിയാത്തവർക്ക് ജീവിതചെലവിനാവശ്യമായ സാമ്പത്തിക സഹായം നൽകണമെന്നും ഇപ്പോഴുള്ള പുനരധിവാസ പദ്ധതികളും സാമ്പത്തിക സഹായ പദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **മുഖേന ലഭിച്ചത്.**<br><br>ജയിലിൽ നിന്ന് ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിലെ ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴിയാണ് നിർവ്വഹിച്ചു വരുന്നത്. ഇങ്ങനെ ശിക്ഷ പൂർത്തീകരിച്ചവർക്ക് പുറത്തിറങ്ങിയതിന് ശേഷം താമസിക്കാൻ ഇടമില്ലാത്ത പക്ഷം 1960-ലെ കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ട പ്രൊബേഷൻ ഹോമിലാണ് താമസിപ്പിക്കേണ്ടത്. എന്നാൽ പ്രൊബേഷൻ ഹോം ഇതുവരെ സ്ഥാപിക്കാൻ കഴിയാത്തതിനാൽ ഇത്തരം വ്യക്തികളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രൊബേഷൻ ഓഫീസർമാർ താമസിക്കാനുള്ള ഇടം ഒരുക്കി അതാത് ജില്ലയിൽ പുനരധിവസിപ്പിക്കാറുണ്ട്. സമിതിയുടെ ശിപാർശ അനുസരിച്ച് പുതുതായി ആവിഷ്കരിച്ച നേർവഴി പദ്ധതിയിൽ തൊഴിൽ പരിശീലന പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ജയിലിൽ നിന്ന് ശിക്ഷ കഴിഞ്ഞിറങ്ങിയവരിലും അവരുടെ ആശ്രിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവരിലും ഇടപെടുന്നതിനുമായി കണ്ടെത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>**27.08.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 19 | 23 | കേരളത്തിലെ ജയിലുകളിൽ തടവുകാർക്കായി പലതരം തൊഴിലധിഷ്ഠിത പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. എന്നാൽ | **സാമൂഹ്യനീതി (ബി) വകുപ്പ് 24.07.2019-ലെ സാനീവ-ബി3/300/2019-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** |

| | | | |
|---|---|---|---|
| | | തുടർന്നുള്ള ധനസഹായങ്ങളൊന്നും ലഭിക്കാത്തതിനാൽ അത്തരം പരിശീലനം പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥ ജയിൽമോചിതർക്ക് ഉണ്ടാകുന്നു. അതിനാൽ ജയിൽ മോചിതരാകുന്ന തടവുകാർക്ക് താല്പര്യമുള്ളപക്ഷം തൊഴിൽ കണ്ടെത്തി ജീവിക്കുവാൻ കഴിയുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാരിൽനിന്ന് നൽകുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ജയിലിൽ നിന്നും മോചിതരാകുന്നവർക്ക് തൊഴിൽ തുടങ്ങാനായി പ്രത്യേക സാമ്പത്തിക സഹായം സാമൂഹ്യനീതി വകുപ്പ് നൽകി വരുന്നു. ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി 15000/- രൂപയാണ് ഇപ്പോൾ ഒരാൾക്ക് നൽകി വരുന്നത്. ഇത് 30,000/- രൂപയായി വർദ്ധിപ്പിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു.<br>**27.08.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 20 | 24 | സ്ത്രീ തടവുകാർക്ക് അവരുടെ ശാരീരിക പ്രത്യേകതകൾക്കനുസരിച്ച് വ്യക്തി ശുചിത്വം പാലിക്കേണ്ടതുണ്ട്. സ്ത്രീ തടവുകാരുടെ ആഹാരം, വസ്ത്രം, ആരോഗ്യം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട് ജയിൽ നിയമങ്ങൾ അനുശാസിക്കും പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും അവർക്കാവശ്യമായ സാനിട്ടറി നാപ്കിനുകളും ടോയ്‌ലെറ്റ് സൗകര്യവും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.<br>സ്ത്രീതടവുകാർക്കായുള്ള പ്രസ്തുത സൗകര്യങ്ങൾ വീഴ്ചകൂടാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ അന്തേവാസികളുടെ ആഹാരം, വസ്ത്രം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട് ജയിൽ നിയമങ്ങൾ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ നല്കി വരുന്നുണ്ട്. കൂടാതെ ക്ലോത്തിംഗ്, ബെഡ്ഡിംഗ്, സാനിട്ടറി നാപ്കിനുകൾ എന്നിവയും നല്കി വരുന്നു.<br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |
| 21 | 25 | തിരുവനന്തപുരം വനിതാ ജയിലിൽ തടവുകാർക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്. ഇതിനായി ലേഡി വെൽഫെയർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ സന്നദ്ധസംഘടനകളുടെ പ്രവർത്തകരും തടവുകാർക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്. | **<u>ആഭ്യന്തര (ബി) വകുപ്പ് 03.07.2017-ലെ 59785/ബി1/2016/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലെ അന്തേവാസികൾക്കുള്ള |

| | | | |
|---|---|---|---|
| | | ജയിലിൽ കഴിയുന്ന ഓരോ അന്തേവാസിക്കും തങ്ങൾ ചെയ്ത തെറ്റുകളുടെ ഗൗരവം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുന്നതിനും മാനസിക പരിവർത്തനം ഉണ്ടാകുന്നതിനും മേലിൽ തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിനും മൂല്യബോധം വളർത്തുന്നതിനും സഹായകമായ മാനസികാവസ്ഥ സംജാതമാക്കുന്നതിന് കഴിയുംവിധമുള്ള കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നിയമസഹായത്തിനും മാനസിക പരിവർത്തനങ്ങൾക്കും ഉള്ള കൗൺസിലിംഗ് നൽകുന്നതിനുമായി വനിതാ വെൽഫെയർ ഓഫീസറുടെ സേവനം ടി ജയിലിൽ ലഭ്യമാണ്. ടി ജയിലിലെ അന്തേവാസികളുടെ മാനസിക പരിവർത്തനത്തിനും, മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുമായി കൾച്ചറൽ പ്രോഗ്രാമുകളും ജയിൽ ദിനാഘോഷവും നടത്തുന്നുണ്ട്.<br><br>**12.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.**<br>**<u>വനിത ശിശുവികസന (ബി) വകുപ്പ് 25.01.2022-ലെ വശിവിവ-ബി3/97/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>തടവുകാർക്ക് മാനസിക പരിവർത്തനം സംജാതമാക്കുക, മൂല്യബോധം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിവിധ സർക്കാർ സർക്കാരിതര ഏജൻസികൾ വഴി വ്യക്തിഗത, ഗ്രൂപ്പ് കൗൺസിലിംഗ് നടത്തിവരുന്നുണ്ട്.<br>കൂടാതെ സംസ്ഥാനത്തെ 3 സെൻട്രൽ പ്രിസണുകളിൽ കരാർ അടിസ്ഥാനത്തിൽ ഓരോ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനേയും ഓരോ കൗൺസിലറേയും നിയമിക്കുന്നതിന് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ നിയമന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ടി ജീവനക്കാരുടെ സേവനവും വനിതാ ജയിൽ തടവുകാർക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നും ജയിൽ വെൽഫെയർ ഓഫീസർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | **<u>30.03.2022–ലെ സമിതി യോഗം ആരാഞ്ഞ അധികവിവരം</u>**<br>സെൻട്രൽ ജയിലുകളിലെ തടവുകാർക്കായി ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെയും കൗൺസിലറെയും നിയമിച്ചിട്ടുണ്ടോ യെന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക | **30.03.2022–ലെ സമിതി യോഗം അധികവിവരം ആരാഞ്ഞു.**<br><br>**<u>വനിതശിശുവികസന (ബി) വകുപ്പ് 04.10.2023–ലെ വശിവിവ-ബി3/97/2021–വശിവിവ നമ്പർ കത്തുമുഖേന ലഭിച്ചത്.</u>**<br><br>സെൻട്രൽ ജയിലിലെ തടവുകാർക്കായി ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെയും കൗൺസിലറെയും വനിത ശിശു വികസന വകുപ്പ് മുഖേന നിയമിച്ചിട്ടില്ല.ആയതിനുള്ള മുഴുവൻ സമയ കൗൺസിലിംഗ് സൗകര്യം ഒരുക്കുവാൻ വകുപ്പിന് നിലവിൽ സാധിക്കുകയില്ല. എന്നാൽ ജയിൽ അധികൃതർ ആവശ്യപ്പെടുന്ന പക്ഷം നിശ്ചിത ഇടവേളകളിൽ കൗൺസിലിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ നിലവിൽ വകുപ്പ് മുഖേന കാതോർത്ത് എന്ന ഓൺലൈൻ വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ലീഗൽ കൺസൾട്ടേഷനും സൈക്കോളജിക്കൽ കൺസൾട്ടേഷനും സൗജന്യമായി ഓൺലൈൻ കൗൺസിലിംഗ് സേവനം സ്ത്രീകൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ടി സേവനം ജയിൽ അധികൃതരുടെ നേതൃത്വത്തിൽ തടവുകാരായ സ്ത്രീകൾക്ക് ആവശ്യാനുസരണം ഓൺലൈൻ രജിസ്ട്രേഷൻ എടുത്തുകൊടുത്താൽ അവർക്ക് ടി സേവനം വിനിയോഗിക്കാവുന്നതാണ്.<br>**20.03.2024–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.** |

## ഭാഗം-II

റിപ്പോർട്ടിലെ ശിപാർശകൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. വകുപ്പുകൾ സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ നേരിട്ട് മനസ്സിലാക്കുന്നതിനായി 21.05.2025-ന് സമിതി അട്ടക്കുളങ്ങര വനിതാ ജയിൽ സന്ദർശിക്കുകയും നടപടികൾ വിലയിരുത്തുകയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തുടർശിപാർശകൾ നൽകുന്നു

1. തടവുകാരെ പരമാവധി അവരുടെ സ്വദേശത്തിന് ഏറ്റവും അടുത്തുള്ള സബ് ജയിലുകളിൽത്തന്നെ പാർപ്പിക്കുന്ന രീതി അവലംബിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആറ് മാസത്തിൽ കൂടുതൽ തടവുശിക്ഷ ലഭിച്ചവരെ വനിതാ ജയിലുകളിലേക്ക് മാറ്റണമെന്ന നിയമമുള്ളതിനാൽ അങ്ങനെയുള്ള ശിക്ഷാ തടവുകാരെ അവരുടെ സ്വദേശത്തിന് ഏറ്റവും അടുത്തുള്ള സബ് ജയിലുകളിൽത്തന്നെ പാർപ്പിക്കാൻ സാധിക്കുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എല്ലാ ജില്ലകളിലെയും ജയിലുകളിൽ ഫീമെയിൽ ബ്ലോക്കുകൾ ഇല്ലെന്നും ചില ജയിലുകളിൽ അടച്ചുപൂട്ടിയ ഫീമെയിൽ ബ്ലോക്കുകൾ ഇതുവരെയും തുറന്നിട്ടില്ലെന്നും ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ വനിതാ ജയിലുകളില്ലെന്നും സമിതി മനസ്സിലാക്കുന്നു.ആയതിനാൽ <u>എല്ലാ ജില്ലകളിലെ ജയിലുകളിലും ഒരു ഫീമെയിൽ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2. പൂജപ്പുര സെൻട്രൽ ജയിലിലെ പുരുഷതടവുകാരുടെ എണ്ണം കൂടുതലായതിനാൽ അട്ടക്കുളങ്ങര വനിതാ ജയിൽ പുരുഷ തടവുകാർക്ക് നൽകി ഇവിടെയുള്ള സ്ത്രീ തടവുകാരെ പൂജപ്പുര സെൻട്രൽ ജയിലിലെ ബ്ലോക്കിലേക്ക് മാറ്റണമെന്ന ആലോചന ഉണ്ടെന്ന് ജയിൽ ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഗർഭിണികളായ സ്ത്രീകൾ തടവുകാരായി വരുന്ന സാഹചര്യമുണ്ടെന്നും അത്തരക്കാർ പ്രസവത്തോടെ ഡിപ്രഷനിലേക്ക് പോകാൻ സാധ്യത ഏറെയാണെന്നും അട്ടക്കുളങ്ങര ജയിലിന്റെ പച്ചപ്പും പൂന്തോട്ടവും മറ്റുമുള്ള അന്തരീക്ഷം അവരുടെ മനസ്സിന് ആശ്വാസം ലഭിക്കുമെന്നും സെൻട്രൽ ജയിലിലെ ഇടുങ്ങിയ വനിതാ ബ്ലോക്കുകളിലേക്ക് മാറ്റുകയാണെങ്കിൽ ഡിപ്രെഷൻ പോലുള്ള മാനസിക രോഗങ്ങൾ കൂടാൻ സാധ്യതയുണ്ടെന്നും സമിതികരുതുന്നു. മുലയൂട്ടുന്ന അമ്മമാർ, കുട്ടികളുമായി വരുന്നവർ, ഗർഭിണികൾ മുതലായ വിഭാഗങ്ങളിൽപ്പെട്ട വനിതാ തടവുകാർക്ക് പ്രത്യേക പരിചരണവും സംരക്ഷണവും ആവശ്യമാണെന്നും അതിന് ഇവിടത്തെ സംവിധാനങ്ങൾ ഏറെ സഹായകരമാണെന്നും അടിയന്തര സാഹചര്യത്തിൽ ആശുപത്രികളുടെ സാമീപ്യം ഒരു അനുകൂല ഘടകം ആണെന്നും സമിതി വിലയിരുത്തുന്നു. കൂടാതെ ജയിലിലെ അന്തരീക്ഷം

തടവുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. തടവുകാർ പ്രസവിക്കുന്ന കുട്ടികളെ വനിതാബ്ലോക്കുകളിൽ പാർപ്പിക്കരുതെന്നും തൊട്ടടുത്ത വനിതാ ജയിലിലേക്ക് മാറ്റണമെന്നും ബാലാവകാശ കമ്മീഷന്റെയും ബഹു . സുപ്രിം കോടതിയുടെയും ഉത്തരവുണ്ടെന്നും ജയിലിനടുത്ത് ആശുപത്രി സൗകര്യമുണ്ടെങ്കിൽ മാത്രമേ കൃത്യസമയത്ത് അവരെ ആശുപത്രിയിൽ എത്തിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇക്കാരണങ്ങൾ കൊണ്ടാണ് വനിതാജയിൽ നെയ്യാറ്റിന്കരയിൽ നിന്നും അട്ടക്കുളങ്ങരയിലേക്ക് മാറ്റിയതെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ <u>വനിതാ ജയിൽ അട്ടക്കുളങ്ങരത്തന്നെ നിലനിർത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

3. കുറ്റവാളികളും കുറ്റാരോപിതരായി വരുന്നവരും ഒരുമിച്ച് കഴിയുന്ന അവസ്ഥ നിലവിൽ അട്ടക്കുളങ്ങര വനിതാ ജയിലിൽ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. <u>ജയിലുകളിൽ കുറ്റവാളികളും റിമാൻഡ് പ്രതികളും ഒരുമിച്ച് കഴിയുന്നതിന് അവസരമുണ്ടാകരുതെന്നും റിമാൻഡിൽ കഴിയുന്ന പ്രതികൾക്ക് ശിക്ഷിക്കപ്പെടുന്നതുവരെ പ്രത്യേക സെൽ അനുവദിക്കണമെന്നും എൻ.ഡി.പി.എസ്. കേസുകളിൽ ശിക്ഷിക്കപ്പെട്ടുവരുന്നവരെ പ്രത്യേക ബ്ലോക്കിൽ താമസിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

4. മനോരോഗ വിദഗ്ധന്റെ പ്രതിവാര സേവനം ലഭ്യമാക്കണമെന്ന സമിതി ശിപാർശയിന്മേൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽനിന്നും മനോരോഗവിദഗ്ധന്റെ പ്രതിവാര സേവനവും ഫോർട്ട് ഹോസ്പിറ്റലിൽനിന്നുള്ള ഒരു ഡോക്ടറിന്റെ സേവനവും ലഭ്യമാകുന്നുണ്ടെന്നും ഇവിടെ മാനസികരോഗ പ്രശ്നങ്ങൾക്ക് മരുന്ന് കഴിക്കുന്ന 12 അന്തേവാസികളുണ്ടെന്നും രാവിലെയും വൈകുന്നേരവും ഫാർമസിസ്റ്റുകളും രാത്രിസമയങ്ങളിൽ ഡ്യൂട്ടി ഓഫീസർമാരും കൃത്യമായി മരുന്ന് നൽകുന്നുണ്ടെന്നും കൂടുതൽ ചികിത്സ ആവശ്യമാണെന്ന ഡോക്ടറിന്റെ റഫറൻസുണ്ടായാൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് കൊണ്ടുപോകാറുണ്ടെന്നും ജയിൽ അധികൃതർ വ്യക്തമാക്കിയതിൽ നിന്നും അലോപ്പതി ഡോക്ടർമാരുടെ സേവനം മാത്രമാണ് അട്ടക്കുളങ്ങര വനിതാ ജയിലിൽ ലഭിക്കുന്നതെന്ന് സമിതി <u>മനസ്സിലാക്കുന്നു. ടി ജയിലിൽ ആയുർവേദ ഡോക്ടർമാരുടെയും ഡെന്റിസ്റ്റിന്റെയും സേവനംകൂടി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5. വിവിധ വകുപ്പുകളുടെ പിന്തുണയും ഏകോപനവും ഉണ്ടായാൽ മികച്ച സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ സാധിക്കുമെന്ന് സമിതി കരുതുന്നു. ഉദാഹരണമായി തടവുകാരായ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൊച്ചുകുട്ടികൾ എന്നിവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ വനിത ശിശു വികസന വകുപ്പും മരുന്നും വെൽനെസും ലഭ്യമാക്കുന്നതിന് ആയുഷ് വകുപ്പും യോജിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മെച്ചപ്പെട്ട സേവനങ്ങൾ തടവുകാർക്ക് നൽകുന്നതിന് സാധിക്കും. ആയതിനാൽ ആയുഷ്, ആരോഗ്യ കുടുംബക്ഷേമം, വനിത ശിശു വികസനം, ജയിൽ എന്നീ വകുപ്പുകളുടെ സംയുക്ത യോഗം മാസത്തിൽ ഒരിക്കൽ ചേരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6.വനിതാ തടവുകാർക്ക് സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ ആയുർവേദത്തെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ബി.പി.എൽ. കാറ്റഗറിയിൽപ്പെട്ട തടവുകാരുടെ മക്കൾക്ക് സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കുന്ന സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിനായി മാതാപിതാക്കൾ തടവുകാരാണെന്ന് സ്കൂൾ അധികൃതരെ അറിയിക്കേണ്ടി വരുന്നത് കുട്ടികൾക്ക് അപമാനമുണ്ടാക്കുന്നതാണെന്നും കുട്ടികളെ നിലവിൽ സംരക്ഷിക്കുന്നവരുടെ സാമ്പത്തിക സ്ഥിതി വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന് തടസ്സമാകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. തടവുകാരുടെ മക്കളെന്ന ലേബലിങ് വരാതെ അവർക്ക് വിദ്യാഭ്യാസ ധനസഹായം ലഭ്യമാക്കുന്നതിനായി തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

8.ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരെ ഏറ്റെടുക്കാൻ ആളില്ലാതെ വരുന്ന സംഭവങ്ങളിൽ,ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിലെ ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴിയാണ് നിർവ്വഹിച്ചു വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.ശിക്ഷ പൂർത്തീകരിച്ച പുരുഷതടവുകാരെ പുനരധിവസിപ്പിക്കുന്നതിന് സംവിധാനമുണ്ടെങ്കിലും സ്ത്രീതടവുകാരുടെ കാര്യത്തിൽ അങ്ങനെയൊരു സംവിധാനം സംസ്ഥാനത്ത് നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ശിക്ഷാ കാലാവധി കഴിഞ്ഞ് പുറത്തിറങ്ങുന്ന, താമസിക്കാൻ ഇടമില്ലാത്ത സ്ത്രീ തടവുകാരെ പുനരധിവസിപ്പിക്കുന്നതിന് 1960-ലെ കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടമനുസരിച്ച് പ്രവർത്തിക്കുന്ന പ്രൊബേഷൻ ഹോമുകൾ സംസ്ഥാനത്ത് സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ജയിൽ തടവുകാരുടെ ആശ്രിതർക്ക് സാമൂഹ്യനീതി വകുപ്പിന്റെ ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നൽകി വരുന്ന ധനസഹായമായ 30,000 രൂപ ലഭിക്കുന്നതിന് ധാരാളം നിബന്ധനകളുണ്ടെന്നും ശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ 55 വയസ്സിന് മുകളിലുള്ള മാതാപിതാക്കൾക്കും, വിവാഹം കഴിഞ്ഞ പെൺമക്കൾക്കും പ്രസ്തുത തുക ലഭിക്കില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആശ്രിതരുടെ പ്രായം മാനദണ്ഡമാക്കി ധനസഹായം നൽകുന്നത് ശരിയായ നടപടിയല്ലെന്നും അതിനാൽ ആദ്യമായി ശിക്ഷ അനുഭവിക്കുന്ന തടവുകാർ രണ്ട് വർഷം പൂർത്തിയാകുമ്പോൾ അവരുടെ ആശ്രിതർക്ക് പ്രായം മാനദണ്ഡമാക്കാതെ ധനസഹായം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

10.വനിതാ ജയിലിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും കൗൺസിലറുടെയും സ്ഥിര നിയമനമില്ലെന്നും എന്നാൽ തുറന്ന ജയിലിൽ കൗൺസിലറുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സ്ഥിരനിയമനമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അടച്ചുപൂട്ടപ്പെട്ട ജയിലുകളിലാണ് യഥാർത്ഥത്തിൽ പ്രസ്തുത നിയമനം ആവശ്യമുള്ളതെന്നും അതിനാൽ അട്ടക്കുളങ്ങര വനിതാ ജയിലിൽ കൗൺസിലറുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സ്ഥിര നിയമനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**യു.പ്രതിഭ,**
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം
സംബന്ധിച്ച സമിതി.

തിരുവനന്തപുരം
2026 ജനുവരി 29